പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2111 16.08.2017

ലെ മറുപടിക്ക്

## തൊണ്ടുതല്ലൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീമതി യു. പ്രതിഭ ഹരി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായത്തിനാവശ്യമായ ചകിരിക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) പരമ്പരാഗത കയർ വ്യവസായരംഗത്തെ ചകിരിക്ഷാമം പരിഹരിക്കുന്നതിന് 2017-18 ൽ 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊന്നാനി കയർ പ്രോജക്ട് പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാനുള്ള രണ്ട് ഡീഫൈബറിംഗ് മെഷീൻ ഉൾപ്പെടുന്ന യൂണിറ്റിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഒരെണ്ണം പ്രവർത്തന സജ്ജമായി. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) കുടുംബശ്രീയുടെ തൊഴിലുറപ്പ് പദ്ധതി മുഖേന തൊണ്ടുതല്ലൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി)കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് പച്ചത്തൊണ്ട് ചകിരിയാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) കയർ മെത്ത, കയർ കോമ്പോസിറ്റ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പുതിയ ഫാക്ടറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ? | ഡി)കയർ മെത്ത സ്ഥാപിക്കുന്നതിനുള്ള പുതിയ ഫാക്ടറി ഫോമിലിന്റെ കീഴിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കയർ കോമ്പോസിറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ